(എ) കൊച്ചിക്ക് സമീപം ചേരാനല്ലൂരിൽ ഖരമാലിന്യ പ്രോസസിംഗ് പ്ലാന്റ് സൗജന്യമായി നിർമ്മിച്ചുതരാമെന്ന് ഒരു ജർമ്മൻ കമ്പനി സമ്മതിച്ചിട്ടുണ്ടോ;

(ബി) ഈ പ്ലാന്റ് കേരളത്തിൽ സ്ഥാപിക്കുവാനുള്ള ആലോചന ആരംഭിച്ചിട്ട് എത്രകാലമായി;

(സി) ഇതുവരെ ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് അനുമതി നൽകാതിരിക്കുന്നതിനുള്ള കാരണമെന്താണ്?

ഉത്തരം

(എ) ഭൂമി, ജലം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നപക്ഷം 50 ടൺ ജൈവമാലിന്യം ഉപയോഗിച്ച് വൈദ്യുതിയും ജൈവവളവും ഉൽപ്പാദിപ്പിക്കുന്ന ഒരു പൈലറ്റ് പ്ലാന്റ് കൊച്ചി നഗരസഭയ്ക്ക് സൗജന്യമായി നൽകാമെന്ന് ഒരു ജർമ്മൻ കമ്പനി അറിയിച്ചിട്ടുണ്ട്. ചേരാനല്ലൂരിൽ ഈ പ്ലാന്റ് സ്ഥാപിക്കാൻ നഗരസഭ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി) ഏകദേശം ഒരു വർഷമായി.

(സി) പ്ലാന്റ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന് താൽപ്പര്യമുണ്ടെന്നുള്ളകാര്യം കഴിഞ്ഞ വർഷം ആഗസ്റ്റ് മാസത്തിൽ ജർമ്മൻ കമ്പനിയെ അറിയിച്ചിരുന്നു. എന്നാൽ ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി വേണമെന്ന് ബന്ധപ്പെട്ട ജർമ്മൻ കമ്പനി അറിയിച്ചതിനാൽ അനുമതിക്കായി അതേമാസം തന്നെ കേന്ദ്രസർക്കാരിന് അപേക്ഷ നൽകുകയുണ്ടായി. കേന്ദ്രാനുമതി ഇനിയും ലഭിച്ചിട്ടില്ല.

136 (717) പിറവം ഗ്രാമപഞ്ചായത്തിലെ ക്രമക്കേട്

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ സർക്കാരിനും പഞ്ചായത്ത് ഡയറക്ടർക്കും ലഭിച്ചിട്ടുണ്ട്.

(ബി) പരാതികളിൽ ഉന്നയിച്ചിരിക്കുന്ന പ്രധാന ആക്ഷേപങ്ങൾ എന്തെല്ലാം;

(സി) ഇതു സംബന്ധമായി തദ്ദേശ സ്വയംഭരണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സർക്കാരിന്റെ പ്രാഥമിക അന്വേഷണത്തിൽ ഈ പഞ്ചായത്തിൽ എത്ര ലക്ഷം രൂപയുടെ ക്രമക്കേടുകൾ നടന്നിട്ടുണ്ട്;

(ഇ) ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന ആവശ്യം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണം ആരംഭിച്ചുവോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(എഫ്) പ്രസ്തുത ക്രമക്കേടുകൾക്കെതിരെ നടന്ന സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇതു സംബന്ധമായി ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളിൻമേൽ അടിയന്തിരമായി അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ടു പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ധനദുർവിനിയോഗമാണ് പ്രധാനമായി ഉന്നയിച്ചിട്ടുള്ള ആക്ഷേപം.

(സി) എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടി പരാതികളിൻമേൽ പ്രാഥമികാന്വേഷണം നടത്തുകയുണ്ടായി. അന്വേഷണ റിപ്പോർട്ട് പരിഗണിച്ച് വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. കുറ്റാരോപണ വിധേയരായ പഞ്ചായത്ത് സെക്രട്ടറിയേയും മറ്റുരണ്ട് ജീവനക്കാരേയും സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഡി) 44,66,582/- രൂപ അപഹരിക്കുകയോ ദുർവിനിയോഗം ചെയ്യുകയോ ചെയ്തതായിട്ടാണ് പ്രാധമികാന്വേഷണ റിപ്പോർട്ട് വെളിപ്പെടുത്തുന്നത്.

(ഇ) അംഗീകരിച്ചിട്ടുണ്ട്. അന്വേഷണത്തിന് വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ആക്ഷേപങ്ങളെക്കുറിച്ച് വകുപ്പുതലത്തിൽ പ്രാഥമികാന്വേഷണം നടത്തിയിട്ടുണ്ട്.

137 (718) കോട്ടയം ജില്ലാ പഞ്ചായത്ത് ആസ്ഥാനം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലാപഞ്ചായത്തിന് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.കെ. റോഡിലെ ട്രാഫിക് തടസ്സവും കളക്ടറേറ്റ് വളപ്പിലെ കെട്ടിടങ്ങളുടെ ബാഹുല്യവും പരിഗണിക്കാതെ കളക്ടറേറ്റ് വളപ്പിൽതന്നെ ജില്ലാ പഞ്ചായത്ത് ആസ്ഥാനം നിർമ്മിക്കുന്നതിന് തീരുമാനിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിടനിർമ്മാണത്തിന് കോട്ടയം മുനിസിപ്പാലിറ്റിയുടേയും കോട്ടയം ഡവലപ്മെന്റ് അതോറിറ്റിയുടേയും ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന്റേയും അനുമതി ലഭിച്ച ശേഷമാണോ പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ജില്ലാ പഞ്ചായത്തുകൾക്ക് ഭരണപരമായ അധികാരമില്ലാത്ത മുനിസിപ്പൽ അതിർത്തിക്കുള്ളിൽ ജില്ലാ പഞ്ചായത്ത് ആസ്ഥാനങ്ങൾ നിർമ്മിക്കാനുള്ള നീക്കം നിരുത്സാഹപ്പെടുത്തുമോ?

ഉത്തരം

(എ) കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly